# GOOD WORKS DONE – 2024

മിക്സിയുടെ ഉള്ളിൽ വെച്ച് കരിപ്പൂർ വിമാനത്താവളം വഴി അനധികൃതമായി കടത്തി കൊണ്ടുവന്ന 999.620 ഗ്രാം സ്വർണ്ണവുമായി കരുവാരകുണ്ട് പൊട്ടിയാറ സ്വദേശി ഫിറോസ് നാലകത്ത് അറസ്റ്റിൽ. ഈ സ്വർണ്ണം കൈപ്പറ്റാനായി വന്ന വാണിയമ്പലം പറക്കുളം സ്വദേശി നൗഫൽ ബാബു, പെരുവല്ലൂർ കരുവാങ്കല്ല് സ്വദേശി ഷംസുദ്ധീൻ വി എന്നിവരും അറസ്റ്റിലായിട്ടുണ്ട്. ഇവരുടെ പക്കൽ നിന്നും 85000 രൂപയും മൂന്നു മൊബൈൽ ഫോണുകളും കണ്ടെടുത്തിട്ടുണ്ട്.

***

എ.ടി.എം കൗണ്ടറിലും ധനകാര്യ സ്ഥാപനത്തിലും മോഷണശ്രമം നടത്തിയ പ്രതിയെ മണിക്കൂറുകൾക്കുള്ളിൽ പിടികൂടി വഴിക്കടവ് പോലീസ്. തിരുവാലി പത്തിരിയാൽ സ്വദേശി അമൽ ആണ് അറസ്റ്റിലായത്. വഴിക്കടവ് പഞ്ചായത്തങ്ങാടിയിലുള്ള നിലമ്പൂർ സഹകരണ അർബൻ ബാങ്കിന്റെ ശാഖയുടെ എ.ടി.എം കൗണ്ടർ തകർക്കപ്പെട്ട നിലയിൽ കണ്ടെത്തിയ കേസിൻമേൽ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചായിരുന്നു അന്വേഷണം നടത്തിയത്. കൃത്യം നടത്തിയ ശേഷം തമിഴ്നാട്ടിലേക്ക് കടന്ന പ്രതിയെ ഗൂഡല്ലൂർ നിന്നാണ് വഴിക്കടവ് പോലീസ് ഇൻസ്പെക്ടർ മനോജ് പറയട്ടയും സംഘവും അറസ്റ്റ് ചെയ്തത്.

***

അമ്പലവട്ടത്ത് വീട് കുത്തിതുറന്ന് 36 പവൻ സ്വർണ്ണം കവർന്ന കേസിൽ പ്രതികൾ അറസ്റ്റിൽ. വാഴക്കാട് ആനന്തയൂർ സ്വദേശി പിലാത്തോട്ടത്തിൽ മലയിൽ മുഹമ്മദ് റിഷാദ്, ഒളവട്ടൂർ മാങ്ങാട്ടുമുറി കൊളത്തോട് വീട്ടിൽ ഹംസ എന്നിവരാണ് അറസ്റ്റിലായത്. ഇക്കഴിഞ്ഞ 25 അർദ്ധരാത്രി വീടിന്റെ വാതിൽ തകർത്ത് സ്വർണ്ണം കവർന്ന് കടന്നുകളഞ്ഞ പ്രതികളെ വയനാട് നിന്നാണ് കോട്ടക്കൽ പോലീസ് അറസ്റ്റ് ചെയ്തത്. ഇവരിൽ നിന്നും 16 പവനോളം സ്വർണ്ണം കണ്ടെടുത്തിട്ടുണ്ട്.

***

കരിപ്പൂർ വിമാനത്താവളത്തിൽ 34 ലക്ഷം രൂപയുടെ സ്വർണ്ണം പിടികൂടി. ദുബായിൽ നിന്നും കരിപ്പൂർ വിമാനത്താവളം വഴി കടത്താൻ ശ്രമിച്ച 547 ഗ്രാം സ്വർണ്ണമാണ് ഇന്ന് മലപ്പുറം പോലീസ് പിടിച്ചെടുത്തത്. സംഭവത്തിൽ മാഹി സ്വദേശി മുഹമ്മദ് നസീഫ് എന്നയാളെ അറസ്റ്റ് ചെയ്തു. സ്വർണ്ണമിശ്രിതം കാപ്സ്യൂളുകളുടെ രൂപത്തിൽ പാക്ക് ചെയ്ത് ശരീരത്തിനകത്ത് ഒളിപ്പിച്ചാണ് ഇയാൾ ദുബായിൽ നിന്നെത്തിയത്. അഭ്യന്തര വിപണിയിൽ 34 ലക്ഷത്തിലധികം വില വരും പിടിച്ചെടുത്ത സ്വർണ്ണത്തിന്. എയർപോർട്ടിനകത്തുള്ള ആധുനിക എക്സറേ സംവിധാനങ്ങളും മറി കടന്ന് ഏയർപോർട്ടിന് വെളിയിലെത്തിയ

നസീഫിനെ മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പോലീസ് കസ്റ്റഡിയിലെടുത്തത്. ഈ വർഷം കാലിക്കറ്റ് എയർപോർട്ടിന് പുറത്ത് വെച്ച് പോലീസ് പിടികൂടുന്ന രണ്ടാമത്തെ സ്വർണ്ണക്കടത്ത് കേസാണിത്.

***

മലപ്പുറം ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ IPS ന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്നു മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിൽ മലപ്പുറം ഡൌൺ ഹിൽ ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് മുൻവശം മലപ്പുറം SI യും സംഘവും നടത്തിയ വാഹന പരിശോധനയിൽ 2849200 രൂപയുടെ കുഴൽപ്പണം പിടികൂടി. രാവിലെ 06.45 ന് മലപ്പുറം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വിതരണത്തിനായി കൊണ്ടുവന്ന 15,04000 രൂപയുടെ കുഴൽപ്പണവുമായി വേങ്ങര കലത്തിങ്കൾ പുലമ്പൻ ഹൌസിൽ അഹമ്മദ് കുട്ടിയെ അറസ്റ്റ് ചെയ്തു. KL 65 P 2224 നമ്പർ സ്കൂട്ടറിന്റെ സീറ്റിനടിയിലായിരുന്നു പണം സൂക്ഷിച്ചിരുന്നത്. സ്കൂട്ടറിന്റെ സീറ്റിനടിയിൽ രഹസ്യമായി സൂക്ഷിച്ചിരുന്ന 13,45,200 രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു. വാഹനം ഓടിച്ചിരുന്ന മലപ്പുറം കോഡൂർ അത്തിക്കാടൻ വീട്ടിൽ സാജുമോൻ എന്നയാളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

***

കരിപ്പൂർ വിമാനത്താവളത്തിൽ 41 ലക്ഷം രൂപയുടെ സ്വർണ്ണം മലപ്പുറം പോലീസ് പിടികൂടി. കുവൈറ്റിൽ നിന്നും കരിപ്പൂർ വിമാനത്താവളം വഴി ഇന്ത്യയിലേക്ക് കടത്താൻ ശ്രമിച്ച 649 grm സ്വർണ്ണമാണ് പോലീസ് പിടിച്ചെടുത്തത്. സംഭവത്തിൽ വളാഞ്ചേരി സ്വദേശി ആസിഫ് റിയാസ്സ്, സ്വർണ്ണം സ്വീകരിക്കാൻ എയർപോർട്ടിലെത്തിയ കള്ളക്കടത്ത് സംഘത്തിലെ കോഴിക്കോട് എലത്തൂർ സ്വദേശി ദിലൂപ് മിർസ എന്നിവരെ പോലിസ് കസ്റ്റഡിയിലെടുത്തു. സ്വർണ്ണം മിശ്രിത രൂപത്തിലാക്കി 2 കാപ്സ്യൂളുകൾ രൂപത്തിൽ പാക്ക് ചെയ്ത് ശരീരത്തിനകത്ത് ഒളിപ്പിച്ചാണ് ആസിഫ് റിയാസ് കുവൈറ്റിൽ നിന്നെത്തിയത്. ദിലൂപ് മിർസയുടെ പക്കൽനിന്നും കാരിയർക്ക് നൽകാനായി സൂക്ഷിച്ചിരുന്ന 100,000/- രൂപയും കണ്ടെടുത്തു.

***

മലപ്പുറം ജില്ലാ പോലിസ് മേധാവി എസ്. ശശിധരൻ IPS ന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് നടത്തിയ പ്രത്യേക പരിശോധനയിൽ ജില്ലയിൽ രണ്ട് സ്ഥലങ്ങളിലായി 58,25000/- (അൻപത്തെട്ടു ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപയുടെ കുഴൽപണം പിടികൂടി. കൊണ്ടോട്ടി എക്കാപറമ്പ് എന്ന സ്ഥലത്തിനടുത്ത് വച്ച് സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന മുഹമ്മദ് കുട്ടി പള്ളിപ്പറമ്പൻ ഹൗസ്, ഇരിങ്ങല്ലൂർ, വേങ്ങര എന്നയാളിൽ നിന്നും 2200000/-( ഇരുപത്തി രണ്ട് ലക്ഷം) രൂപയുടെ കുഴൽപ്പണവും, എടവണ്ണ കാരക്കുന്ന് ജംഗ്ഷന് സമീപം വെച്ച് സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന മഞ്ചേരി ചെരണി സ്വദേശി കുമ്മാളി അബ്ദുൽ കരീം എന്നയാളിൽ നിന്നും 36,25,000/-(മുപ്പത്തിയാറുലക്ഷത്തി ഇരുപത്തയ്യായിരം) രൂപയുടെ കുഴൽ പണവും പിടികൂടി.

***

2023-ലെ രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ കേരളത്തിൽ നിന്ന് കുറ്റിപ്പുറം പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരഞ്ഞെടുത്തു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 17000 അപേക്ഷകളിൽ നിന്നാണ് മികച്ച പോലീസ് സ്റ്റേഷനെ തിരഞ്ഞെടുത്തത്. രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒമ്പതാം സ്ഥാനത്തും, സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തുമാണ് കുറ്റിപ്പുറം പോലീസ് സ്റ്റേഷൻ. 2023 വർഷത്തിൽ രജിസ്റ്റർ ചെയ്ത പരാതികൾ, കേസ് തീർപ്പാക്കൽ, സമയബന്ധിതമായി കുറ്റപത്രം സമർപ്പിക്കൽ, കേസുകളുടെ എണ്ണം, സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും നേരെയുള്ള അതിക്രമങ്ങൾ പരിഹരിക്കൽ തുടങ്ങിയ വിവിധ വിഷയങ്ങൾ പരിഗണിച്ചാണ് നേട്ടം.

***

രണ്ടര കിലോഗ്രാം കഞ്ചാവ് കടത്തി ഒളിവിൽ പോയ ആശാരിപ്പൊട്ടി ആനപ്പട്ടത്ത് ഷാക്കിറിനെ വഴിക്കടവ് പോലീസ് അറസ്റ്റ് ചെയ്തു. മലപ്പുറം വഴിക്കടവ് പൊലീസ് സ്റ്റേഷൻ പരിധിയിൽ മുണ്ട-ആശാരിപ്പൊട്ടി റോഡിലുള്ള വീട്ടിൽ കഞ്ചാവ് വിൽപ്പന നടത്തുന്നുണ്ടെന്ന രഹസ്യ വിവരം ലഭിച്ചതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ അവിടെ നിന്നും രണ്ടര കിലോഗ്രാം കഞ്ചാവ് കണ്ടെടുത്തിരുന്നു. വീട്ടിൽ നിന്നും പോലീസ് കഞ്ചാവ് കണ്ടെടുത്തതറിഞ്ഞ പ്രതി ഒളിവിൽ പോയതിനാൽ ഇയാളെ കണ്ടെത്താൻ മലപ്പുറം ജില്ലാ പോലീസ് മേധാവി എസ്.ശശിധരൻ IPS ന്റെ നിർദ്ദേശപ്രകാരം പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചു. തുടരന്വേഷണത്തിൽ പ്രതി ചങ്ങനാശ്ശേരിയിൽ ഉണ്ടെന്നു മനസ്സിലാക്കി അവിടെ എത്തി ഇയാളെ കണ്ടെത്തി അറസ്റ്റ് ചെയ്യുകയായിരുന്നു. പ്രതിയെ ചോദ്യം ചെയ്തതിൽ സുഹൃത്തിന്റെ സഹായത്തോടെ കഞ്ചാവ് ആന്ധ്രയിൽ നിന്നും ട്രെയിൻ മാർഗ്ഗം ഇയാൾ കേരളത്തിൽ വിൽപ്പനക്കായി എത്തിച്ചതായിരുന്നുവെന്നും, കൂടുതലും കോളജ്, സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ചാണ് വിൽപ്പന നടത്തുന്നതെന്നും വ്യക്തമായിട്ടുണ്ട്. അന്വേഷണ സംഘത്തിൽ വഴിക്കടവ് പോലീസ് ഇൻസ്പെക്ടർ മനോജ് പറയട്ട, സബ് ഇൻസ്പെക്ടർ ജോസ് കെ.ജി, സിവിൽ പോലീസ് ഓഫീസർമാരായ അനുമാത്യൂ, നിജേഷ്, പ്രദീപ് ഇ.ജി, വിനീഷ് മാന്തൊടി, ഹരിപ്രസാദ്, വിനു പി.പി, ഡാൻസാഫ് അംഗങ്ങളായ അഭിലാഷ് കൈപിനി, ആസിഫ് എന്നിവരാണ് ഉണ്ടായിരുന്നത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

***

ജില്ലയിൽ വൻ കഞ്ചാവ് വേട്ട. 6.9 കിലോ കഞ്ചാവുമായി അന്യ സംസ്ഥാന തൊഴിലാളി പിടിയിൽ. വേങ്ങര പറപ്പൂർ സൂപ്പി ബസാറിൽ നിന്നാണ് 6.9 കിലോഗ്രാം കഞ്ചാവ് വേങ്ങര പോലീസ് പിടികൂടിയത്. ബുധനാഴ്ച്ച രാത്രി എട്ട് മണിയോടെ സൂപ്പി ബസാർ ജംഗ്ഷനിലെ മുഹമ്മദ് ഹാജി എന്നയാളുടെ ഉടമസ്ഥതയിലുള്ള ക്വാർട്ടേഴ്സിൽ നിന്നാണ് പശ്ചിമ ബംഗാൾ, ബർദ്ധമാൻ ജില്ലയിലെ, കൃഷ്ണ നഗർ സ്വദേശിയായ സമീം മൊണ്ടാലിനെ എൻ.ഡി.പി.എസ്

ആക്ട് സെക്ഷൻ 20 (ബി) (2) ബി പ്രകാരം അറസ്റ്റ് ചെയ്തത്. വേങ്ങര ബസ്റ്റാന്റിലും പരിസരത്തും അന്യ സംസ്ഥാന തൊഴിലാളികൾക്കും, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും ചില്ലറ വിൽപ്പനയ്ക്കായി നാട്ടിൽ നിന്ന് കൊണ്ടുവന്ന വലിയ പായ്ക്കറ്റാണ് പോലീസ് സംഘം പിടിച്ചെടുത്തത്. കോട്ടക്കൽ പോലീസ് ഇൻസ്പെക്ടർ അശ്വിത് എസ് കരൺമയിൽ, വേങ്ങര പോലീസ് സബ് ഇൻസ്പെക്ടർമാരായ ബിജു റ്റി.ഡി, സി.സി രാധാകൃഷ്ണൻ, സീനിയർ സിവിൽ പോലീസ് ഓഫീസർ ജിതേഷ്, സിവിൽ പോലീസ് ഓഫീസർമാരായ ബിജു, ജയരാജ് എന്നിവരായിരുന്നു സംഘത്തിൽ ഉണ്ടായിരുന്നത്. പ്രതിയെ മലപ്പുറം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.

***

കരിപ്പൂർ എയർപോർട്ടിൽ നിന്നും 80 ലക്ഷത്തിലധികം രൂപയുടെ സ്വർണ്ണം മലപ്പുറം പോലീസ് പിടികൂടി. അബുദാബിയിൽ നിന്നും കരിപ്പൂർ എയർപോർട്ടിൽ വന്നിറങ്ങിയ കോഴിക്കോട് കുന്നമംഗലം സ്വദേശിനി ഷമീറ എന്ന യാത്രക്കാരിയെയാണ് 1.34 കിലോഗ്രാം സ്വർണ്ണം സഹിതം പോലീസ് കസ്റ്റഡിയിലെടുത്തത്. ഷമീറയിൽ നിന്നും സ്വർണ്ണം സ്വീകരിക്കാനെത്തിയ റിഷാദ്, ജംഷീർ എന്നിവരാണ് ആദ്യം പോലീസിന്റെ വലയിലാവുന്നത്. ശേഷം ഷമീറയെയും പോലീസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു. അത്യാധുനിക സ്കാനിംഗ് സംവിധാനങ്ങളെ മറികടന്നാണ് ഷമീറ എയർപോർട്ടിന് പുറത്തെത്തിയത്. ഷമീറയുടെ ദേഹപരിശോധനയിലാണ് വസ്ത്രത്തിൽ നിന്നും സ്വർണ്ണമടങ്ങിയ മൂന്ന് പാക്കറ്റുകൾ കണ്ടെത്തിയത്. മൂന്ന് പാക്കറ്റുകൾക്കും കൂടി 1340 ഗ്രാം തൂക്കമുണ്ട്.

***

കരിപ്പൂർ വിമാനത്താവളത്തിൽ നിന്നും മുക്കാൽ കോടി രൂപയുടെ സ്വർണ്ണവും കൊണ്ടോട്ടിയിൽ നിന്നും 36.740 ഗ്രാം M D M A യും മലപ്പുറം പോലീസ് പിടികൂടി. UAE യിൽ നിന്നും കരിപ്പൂർ വിമാനത്താവളം വഴി ഇന്ത്യയിലേക്ക് കടത്താൻ ശ്രമിച്ച 1260 grm സ്വർണ്ണമാണ് പോലീസ് പിടിച്ചെടുത്തത്. സംഭവത്തിൽ വിമാന യാത്രക്കാരനായ തിരൂർ സ്വദേശി റിംനാസ് ഖമർ, സ്വർണ്ണം സ്വീകരിക്കാൻ എയർപോർട്ടിലെത്തിയ പാലക്കാട് ആലത്തൂർ സ്വദേശി റിംഷാദ് എന്നിവരെ പോലിസ് കസ്റ്റഡിയിലെടുത്തു. സ്വർണ്ണം മിശ്രിതമാക്കി 4 കാപ്സ്യൂളുകൾ രൂപത്തിൽ പാക്ക് ചെയ്ത് ശരീരത്തിനകത്ത് ഒളിപ്പിച്ചാണ് കടത്താൻ ശ്രമിച്ചത് . അഭ്യന്തര വിപണിയിൽ 77 ലക്ഷത്തിലധികം വില വരും പിടിച്ചെടുത്ത സ്വർണ്ണത്തിന്. എയർപോർട്ടിനകത്തുള്ള ആധുനിക എക്സറേ സംവിധാനങ്ങളും പരിശോധനകളും മറി കടന്ന് ഏയർപോർട്ടിന് വെളിയിലെത്തിയ റിംനാസ് ഖമറിനെ മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കസ്റ്റഡിയിലെടുത്തത്. കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ പരിധിയിലെ ചെറുകാവ് വില്ലേജ് ഓഫീസിന് സമീപത്ത് നിന്നും 36.740 ഗ്രാം എംഡിഎംഎയുമായി കോഴിക്കോട് ചാലിയം വലിയകത്ത് വീട്ടിൽ മുസ്തഫ പിടിയിലായി.

***

കരിപ്പൂർ വിമാനത്താവളം വഴി കടത്താൻ ശ്രമിച്ച 54 ലക്ഷം രൂപയുടെ സ്വർണ്ണം മലപ്പുറം പോലീസ് പിടികൂടി. ദുബായിൽ നിന്നും കരിപ്പൂർ വിമാനത്താവളം വഴി ഇന്ത്യയിലേക്ക് കടത്താൻ ശ്രമിച്ച 847 ഗ്രാം സ്വർണ്ണമാണ് പോലീസ് പിടിച്ചെടുത്തത്. സംഭവത്തിൽ ഒരു യാത്രക്കരനെയും സ്വർണ്ണം സ്വീകരിക്കാൻ എയർപോർട്ടിലെത്തിയ കള്ളക്കടത്ത് സംഘത്തിലെ മറ്റൊരാളെയും പോലിസ് കസ്റ്റഡിയിലെടുത്തു. കരിപ്പൂർ വിമാനത്താവളത്തിലെത്തിയ കോഴിക്കോട് വടകര സ്വദേശി അനസാണ് 847 ഗ്രാം സ്വർണ്ണവുമായി എയർപോർട്ടിന് പുറത്ത് വെച്ച് പോലീസ് പിടിയിലായത്. സ്വർണ്ണം മിശ്രിത രൂപത്തിലാക്കി 4 കാപ്സ്യൂളുകൾ രൂപത്തിൽ പാക്ക് ചെയ്ത് ശരീരത്തിനകത്ത് ഒളിപ്പിച്ചാണ് ഇയാൾ ദുബായിൽ നിന്നെത്തിയത്. അഭ്യന്തര വിപണിയിൽ 54 ലക്ഷത്തിലധികം വില വരും പിടിച്ചെടുത്ത സ്വർണ്ണത്തിന്. ഇയാളിൽ നിന്നും സ്വർണ്ണം സ്വീകരിക്കാൻ എയർപോർട്ടിന് വെളിയിൽ കാത്തുനിന്ന കോഴിക്കോട് നാദാപുരം സ്വദേശി സാലിഹും അറസ്റ്റിലായിട്ടുണ്ട്. എയർപോർട്ടിനകത്തുള്ള ആധുനിക എക്സറേ സംവിധാനങ്ങളും പരിശോധനകളും മറി കടന്ന് ഏയർപോർട്ടിന് വെളിയിലെത്തിയ അനസിനെ മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കസ്റ്റഡിയിലെടുത്തത്.

***

മലപ്പുറം ജില്ലാ പോലീസ് മേധാവി എസ് ശശിധരൻ IPS ന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ പാണ്ടിക്കാട് ജംഗ്ഷനിൽ വെച്ച് കൊണ്ടോട്ടി SHO യും സംഘവും നടത്തിയ വാഹന പരിശോധനയിൽ 41,50000/.രൂപയുടെ കുഴൽ പണം പിടികൂടി. പണം കൊണ്ട് വന്ന കൊടുവള്ളി പാലക്കുറ്റി സ്വദേശി അബൂബക്കർ മകൻ കുന്നുമ്മൽ സാദിഖ് (32)നെ കസ്റ്റഡിയിൽ എടുത്തു. KL-57-R-1663 നമ്പർ സ്കൂട്ടറിൽ സ്കൂട്ടറിന്റെ സീറ്റിനടിയിലാണ് പണം സൂക്ഷിച്ചിരുന്നത്. കൊടുവള്ളിയിൽ നിന്നും മലപ്പുറം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വിതരണത്തിനായിട്ടായിരുന്നു പണം കൊണ്ടുവന്നിരുന്നത്.

***

കരിപ്പൂർ വിമാനത്താവളത്തിൽ നിന്നും ഇത്തവണ മലപ്പുറം പോലീസ് പിടികൂടിയത് 74 ലക്ഷം രൂപയുടെ സ്വർണ്ണം. UAE യിൽ നിന്നും കരിപ്പൂർ വിമാനത്താവളം വഴി ഇന്ത്യയിലേക്ക് കടത്താൻ ശ്രമിച്ച 1160 ഗ്രാം സ്വർണ്ണമാണ് പോലീസ് പിടിച്ചെടുത്തത്. സംഭവത്തിൽ മലപ്പുറം തിരൂർ സ്വദേശി മുഹമ്മദ് ജാബിറാണ് സ്വർണ്ണവുമായി എയർപോർട്ടിന് പുറത്ത് വെച്ച് പോലീസ് പിടിയിലായത്. സ്വർണ്ണം മിശ്രിത രൂപത്തിലാക്കി 4 കാപ്സ്യൂളുകളായി പാക്ക് ചെയ്ത് ശരീരത്തിനകത്ത് ഒളിപ്പിച്ചാണ് ഇയാൾ UAE യിൽ നിന്നെത്തിയത്. അഭ്യന്തര വിപണിയിൽ 74 ലക്ഷത്തിലധികം വില വരും പിടിച്ചെടുത്ത സ്വർണ്ണത്തിന്. എയർപോർട്ടിനകത്തുള്ള ആധുനിക എക്സറേ സംവിധാനങ്ങളും പരിശോധനകളും മറി കടന്ന് ഏയർപോർട്ടിന് വെളിയിലെത്തിയ ജാബിറിനെ

മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പോലീസ് കസ്റ്റഡിയിലെടുത്തത്.

***

കരിപ്പൂർ വിമാനത്താവളത്തിൽ 52 ലക്ഷം രൂപയുടെ സ്വർണ്ണം പോലീസ് പിടികൂടി. UAE യിൽ നിന്നും കരിപ്പൂർ വിമാനത്താവളം വഴി ഇന്ത്യയിലേക്ക് കടത്താൻ ശ്രമിച്ച 838 ഗ്രാം സ്വർണ്ണമാണ് മലപ്പുറം പോലീസ് പിടിച്ചെടുത്തത്. സംഭവത്തിൽ കരിപ്പൂർ വിമാനത്താവളത്തിലിറങ്ങിയ യാത്രക്കാരനായ മലപ്പുറം വാഴയൂർ സ്വദേശി ഹിബത്തുള്ള, കടത്തികൊണ്ടുവന്ന സ്വർണ്ണം സ്വീകരിക്കാൻ എയർപോർട്ടിലെത്തിയ ഒഴൂർ സ്വദേശി ഷാജി എന്നിവർ പിടിയിലായിട്ടുണ്ട്. സ്വർണ്ണം മിശ്രിത രൂപത്തിലാക്കി 4 കാപ്സ്യൂളുകൾ രൂപത്തിൽ പാക്ക് ചെയ്ത് ശരീരത്തിനകത്ത് ഒളിപ്പിച്ചാണ് ഹിബത്തുള്ള UAE യിൽ നിന്നെത്തിയത്. അഭ്യന്തര വിപണിയിൽ 52 ലക്ഷത്തിലധികം രൂപ വില വരും പിടിച്ചെടുത്ത സ്വർണ്ണത്തിന്. എയർപോർട്ടിനകത്തുള്ള ആധുനിക എക്സറേ സംവിധാനങ്ങളും പരിശോധനകളും മറികടന്ന് വെളിയിലെത്തിയ ഹിബത്തുള്ളയെ മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കസ്റ്റഡിയിലെടുത്തത്.

***




മലപ്പുറം കൊണ്ടോട്ടിയിൽ നിന്നും നിരോധിത ലഹരിവസ്തുവും അതിമാരകവുമായ ഹെറോയിൻ പിടികൂടി. മണ്ണാറിൽ നെയ്യൻ ഹൗസിൽ അജ്മൽ, നെടിയിരിപ്പ് തളപ്പിൽ ഹൗസിൽ യഥുൻ, കാരിമുക്ക് വൈത്തലപറമ്പിൽ ഹൗസിൽ ഉമറുൾ ഫാറൂഖ് പി എന്നിവരാണ് 11 ഗ്രാം ഹെറോയിനുമായി പിടിയിലായത്.

***

തിരൂരങ്ങാടിയിൽ കുഴൽപ്പണവേട്ട. കൃത്യമായ രേഖകളില്ലാതെ ഇരുചക്രവാഹനത്തിൽ കടത്തുകയായിരുന്ന 1562500 രൂപ തിരൂരങ്ങാടി പോലീസ്

പിടികൂടി. വേങ്ങര പിലാക്കൽ ഹൗസിൽ അബ്ദുൽ റസാക്ക് എന്നയാളെയാണ് പണം സഹിതം പിടികൂടിയത്.

***

തിരൂരിൽ നിന്നും ഹാഷിഷ് ഓയിലും കഞ്ചാവും പിടികൂടി. തിരൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കഞ്ചാവ് കേസ് പ്രതിയെ ചോദ്യം ചെയ്തതിൽ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാൻസാഫ് ടീം നടത്തിയ തിരച്ചിലിലാണ് തിരൂർ തുഞ്ചൻപറമ്പിനടുത്തുള്ള ഫ്ലാറ്റിൽ നിന്നും 1.450 കിലോഗ്രാം കഞ്ചാവും 40 ഗ്രാം ഹഷീഷ് ഓയിലും കണ്ടെത്തിയത്. സർക്കാർ നിയമം മൂലം നിരോധിച്ച മാരക മയക്കുമരുന്നുകൾ വിൽപ്പനക്കായി കൈവശം വെച്ചതിന് താനൂർ കണ്ണന്തളി പീടിയേക്കൽ ഹൗസിൽ റംഷാദിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

***

ഓൺലൈൻ ലോൺ തട്ടിപ്പ്: ബിഹാർ സ്വദേശി വഴിക്കടവ് പോലീസിന്റെ പിടിയിൽ

ഓൺലൈനിലൂടെ കുറഞ്ഞ പലിശക്ക് ലോൺ സംഘടിപ്പിച്ചു നൽകാം എന്ന് വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയെടുക്കുന്ന സംഘത്തിന് ബാങ്ക് അക്കൗണ്ട് എടുത്ത് നൽകിയ ബിഹാർ, ഗയ സ്വദേശി പ്രകാശ് മാഞ്ചി, സാദിപ്പൂർ വില്ലേജ്, കിജിർസ്സറായി എന്നാളെ പ്രത്യേക അന്വേഷണ സംഘം ചെന്നൈയിൽ നിന്നും കസ്റ്റഡിയിലെടുത്തു. ആകർഷകമായ വാഗ്ദാനങ്ങൾ നൽകി, ഡോക്കുമെന്റേഷനോ, മറ്റ് നൂലാമാലകളോ ഒന്നുമില്ലാതെ കുറഞ്ഞ പലിശക്ക് ലോൺ സംഘടിപ്പിച്ചു നൽകാം എന്ന് ഫേസ്ബുക്കിൽ പരസ്യം നൽകുകയും, പിന്നീട് പരസ്യ ലിങ്കുകളിൽ ആവശ്യക്കാർ തൊടുന്നതോടുകൂടി വാട്സാപ്പ് ലിങ്ക് ആക്ടിവാകുയും, തുടർന്ന് എസ്.എം.എസ് സന്ദേശം ജനങ്ങളിലേക്ക് അയക്കുകയാണ് തട്ടിപ്പുകാർ ആദ്യം ചെയ്യുന്നത്. ആവശ്യക്കാർക്ക് ബന്ധപ്പെടുന്നതിനായി ഒരു ഫോൺ നമ്പറും നൽകും. പ്രസിദ്ധമായ ധനകാര്യ സ്ഥാപനങ്ങളോട് സാമ്യമുള്ള പേരിനൊപ്പം നൽകുന്ന ഫോൺ നമ്പറിലേക്ക് തിരികെ വിളിക്കുന്നവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി, ഇവരോട് നയത്തിൽ സംസാരിക്കുകയാണ് തട്ടിപ്പുകാർ ചെയ്യുക. അതിനുശേഷം ലോൺ പ്രോസസിങ്ങ് ഫീസ്, നികുതി, ഡിമാന്റ് ഡ്രാഫ്റ്റ് ഫീസ് എന്നിങ്ങനെ ചെറിയ ഫീസ് ഈടാക്കി വിവിധ ആവശ്യങ്ങൾ പറഞ്ഞുകൊണ്ട് ചെറിയ ചെറിയ തുകകളായി തട്ടിപ്പുകാർ പറയുന്ന ബാങ്ക് അക്കൌണ്ടുകളിലേക്ക് നിക്ഷേപിപ്പിക്കും. വിശ്വാസ്യത വരുത്തുന്നതിനായി ലോൺ പാസ്സാക്കി എന്ന് പറഞ്ഞു രേഖകളെന്ന് തോന്നിപ്പിക്കുന്ന സന്ദേശം ഇടപാടുകാരന് അയച്ചു കൊടുക്കുകയും ചെയ്യും. ഇതെല്ലാം വിശ്വസിച്ച് ചെറിയ തുകകളായി ഇടപാടുകാർ ഓരോ തവണയും തട്ടിപ്പുകാർക്ക് പണം കൈമാറിക്കൊണ്ടിരിക്കുകയും ചെയ്യും. വഴിക്കടവ് നാരോക്കാവ് സ്വദേശിയായ യുവതിയെ ഇത്തരത്തിൽ കുറഞ്ഞ പലിശക്ക് ഒരു ലക്ഷം രൂപ ലോൺ നൽകാം എന്ന് വിശ്വസിപ്പിച്ച് പണം തട്ടിപ്പ് നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് വഴിക്കടവ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. തുടർന്ന് മലപ്പുറം ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ IPS ന്റെ

നിർദേശ പ്രകാരം അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിക്കുകയും ASP കിരൺ IPSന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സംഘം നടത്തിയ അന്വേഷണത്തിലാണ് പ്രതി ചെന്നെയിൽ നിന്നും പിടിയിലാവുന്നത്. പരാതിക്കാരിക്ക് പണം നഷ്ടപ്പെട്ട സമയം സൈബർ ക്രൈം പോലീസിന്റെ ടോൾ ഫ്രീ നമ്പറായ 1930 ൽ വിളിക്കുകയും, പോലീസ് പ്രസ്തുത അക്കൗണ്ട് ഫ്രീസ് ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് അന്വേഷണ സംഘം ബിഹാറിൽ എത്തി നടത്തിയ അന്വേഷണത്തിൽ, പ്രതിയുടെ അക്കൗണ്ട് ഫ്രീസായ വിവരം പ്രതി മനസ്സിലാക്കുകയും, പോലീസ് പിടികൂടുമെന്ന് മനസ്സിലാക്കി പ്രതി ബിഹാറിൽ നിന്നും മുങ്ങുകയായിരുന്നു. പിന്നീട് ഗയ സൈബർ പോലീസും ജില്ലയിൽ നിന്നുള്ള പ്രത്യേക അന്വേഷണ സംഘവും ശാസ്ത്രിയമായി നടത്തിയ അന്വേഷണത്തിലാണ് പ്രതി ചെന്നൈയിലുണ്ടെന്ന് വിവരം ലഭിച്ചത്. പ്രത്യേക അന്വേഷണ സംഘം പ്രതിയെ പിൻതുടർന്ന് ബിഹാറിൽ നിന്നും ചെന്നൈയിൽ എത്തുകയും 200 ഓളം ഫാക്ടറികളിലായി ഒരു ലക്ഷത്തിലധികം ബിഹാർ സ്വദേശികൾ ജോലി എടുക്കുന്ന സ്ഥലങ്ങളിലും, താമസിക്കുന്ന ഏരിയകളിലും നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലാകുന്നത്.

***

ഓട്ടോറിക്ഷയിൽ ഒളിപ്പിച്ചു കടത്തുകയായിരുന്ന കുഴൽ പണം മലപ്പുറം പോലീസ് പിടികൂടി. മലപ്പുറം ജില്ലാ പോലിസ് മേധാവി എസ്. ശശിധരൻ IPS ന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ രാജീവ് NS ന്റെ നേതൃത്വത്തിൽ പെരിന്തൽമണ്ണ SI ഷിജോ സി തങ്കച്ചനും സംഘവും ആനമങ്ങാട് എന്ന സ്ഥലത്ത് നടത്തിയ വാഹന പരിശോധനയിലാണ് കുഴൽപ്പണം പിടികൂടിയത്. മലപ്പുറം ഭാഗത്തുനിന്നും തൂതയിലെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്യുന്നതിനായി ഓട്ടോറിക്ഷയുടെ പ്ലാറ്റ്ഫോമിൽ ചവിട്ടിക്ക് താഴെ കവറിൽ ഒളിപ്പിച്ചു കടത്തുകയായിരുന്ന Rs.11,15,700/- (പതിനൊന്നു ലക്ഷത്തി പതിനയ്യായിരത്തി എഴുന്നൂറു രൂപ) യാണ് വഹാബ്, തോരപ്പ വീട്, വെസ്റ്റ് കോഡൂർ എന്നയാളിൽ നിന്നും പോലീസ് കണ്ടെടുത്തത്.

***

മലപ്പുറം ജില്ലാ പോലീസ് മേധാവി എസ്.ശശിധരൻ IPS ന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിൽ മലപ്പുറം മുണ്ടുപറമ്പ് ബൈപ്പാസിൽ നടത്തിയ വാഹന പരിശോധനയിൽ 33,45,000/.രൂപയുടെ കുഴൽ പണം പിടികൂടി. പണം കൊണ്ട് വന്ന മലപ്പുറം കോഡൂർ സ്വദേശി മാട്ടത്തൊടി ഷിഹാബുദീനെ കസ്റ്റഡിയിൽ എടുത്തു. ഓട്ടോയുടെ ബാക്ക് സീറ്റിനടിയിൽ രഹസ്യ മായി നിർമിച്ച അറയിലാണ് പണം സൂക്ഷിച്ചിരുന്നത്. മലപ്പുറം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വിതരണത്തിനായിട്ടായിരുന്നു പണം കൊണ്ടുവന്നിരുന്നത്.

***

സ്റ്റോക്ക് ട്രേഡിങ്ങ് വഴി ഒരു കോടിയുടെ തട്ടിപ്പ്: പ്രതികളിലൊരാൾ മലപ്പുറം സൈബർ പോലീസിന്റെ പിടിയിൽ.

ഫേസ്ബുക്കിൽ കണ്ട Black Rock Angel One എന്ന സ്റ്റോക്ക് ഇൻവെസ്റ്റ്മെന്റ് പരസ്യത്തിലെ ലിങ്കിൽ ക്ലിക്ക് ചെയ്തു അവരുടെ വാട്സാപ്പ് ഗ്രൂപ്പിൽ കയറിയ വേങ്ങര വലിയോറ പുത്തനങ്ങാടി സ്വദേശിയിൽ നിന്നാണ് പ്രതികൾ ഒരു കോടി എട്ടുലക്ഷത്തി രണ്ടായിരത്തിഇരുന്നൂറ്റി ഇരുപത്തിരണ്ടു രൂപ തട്ടിയെടുത്തത്. സ്റ്റോക്ക് ട്രേഡിങ്ങ് ആണെന്ന് വിശ്വസിപ്പിച്ച് ഇയാളിൽ നിന്നും പലതവണകളായാണ് പ്രതികൾ പണം അക്കൗണ്ടുകളിലേക്ക് നിക്ഷേപിപ്പിച്ചത്. ഇക്കാര്യത്തിൽ വേങ്ങര പോലീസ് കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണത്തിനായി മലപ്പുറം സൈബർ ക്രൈം പോലീസ് സ്റ്റേഷനിലേക്ക് കൈമാറി. സൈബർ ഓപ്പറേഷൻസ് വിങ് മേധാവി പോലീസ് സൂപ്രണ്ട് ഹരിശങ്കർ IPS ന്റെ നേതൃത്വത്തിലുള്ള സൈബർ ഓപ്പറേഷൻസ് വിങ്ങിന്റെ ഏകോപനത്തോടെ മലപ്പുറം സൈബർ ക്രൈം പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതികളിലൊരാളായ മുഹമ്മദ് മുജ്തബ S/o കുഞ്ഞമ്മു ചെറമ്മൽ, ബൈത്തുൽ മുഹമ്മദ് വീട്, കാഞ്ഞങ്ങാട് സക്ഖത്ത്, കാസർഗോഡ് എന്നയാളെ കാസർഗോഡ് നിന്നും അറസ്റ്റ് ചെയ്തത്. ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ IPS ന്റെ നിർദേശപ്രകാരം സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പോലീസ് ഇൻസ്പെക്ടർ ചിത്തരഞ്ജന്റെ നേതൃത്വത്തിൽ സബ് ഇൻസ്പെക്ടർ മധുസൂദനൻ, സിവിൽ പോലീസ് ഓഫീസർമാരായ രഞ്ജിത്ത്, റിജിൽ എന്നിവരടങ്ങുന്ന അന്വേഷണസംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

***

ചെറുകാവിൽ കഴിഞ്ഞ മാസം എം.ഡി.എം.എ. പിടികൂടിയ സംഭവവുമായി ബന്ധപ്പെട്ട കേസിലെ പ്രധാനകണ്ണിയായ കോഴിക്കോട് സ്വദേശിയെ ബെംഗളൂരുവിൽ നിന്ന് മലപ്പുറം പോലീസ് പിടികൂടി. ബെംഗളൂരു കേന്ദ്രീകരിച്ച് കേരളത്തിലേക്ക് ലഹരിമരുന്ന് കടത്തുന്ന സംഘത്തിലെ പ്രധാനിയാണ് അറസ്റ്റിലായത്. ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ IPS ന്റെ നിർദേശപ്രകാരം ബെംഗളൂരു കൊത്തന്നൂരിലെ ഒളിത്താവളത്തിൽ നിന്നാണ് കഴിഞ്ഞദിവസം രാത്രി കൊണ്ടോട്ടി ഇൻസ്പെക്ടർ ദീപകുമാറിന്റെ നേതൃത്വത്തിലുള്ള സംഘം ഇയാളെ പിടികൂടിയത്. കാറിൽ കടത്തുകയായിരുന്ന 36.74 ഗ്രാം എം.ഡി.എം.എ.യുമായി ചാലിയം സ്വദേശി വലിയകത്ത് മുഹമ്മദ് മുസ്തഫയെ ഫെബ്രുവരി രണ്ടിന് ചെറുകാവിൽവെച്ച് പോലീസ് പിടികൂടിയിരുന്നു. ഇതുമായി ബന്ധപ്പെട്ട അന്വേഷണത്തിലാണ് കേരളത്തിലേക്ക് ലഹരി കടത്തുന്ന ഷാരോൺ ഉൾപ്പെട്ട സംഘത്തെക്കുറിച്ച് വിവരം ലഭിച്ചത്. ഷാരോണിനെ കഴിഞ്ഞവർഷം ബെംഗളൂരു പോലീസ് 40 ഗ്രാം എം.ഡി.എം.എ.യുമായി പിടികൂടിയിരുന്നു. ആറുമാസം മുൻപാണ് ജാമ്യത്തിൽ ഇറങ്ങിയത്.

***

കരിപ്പൂർ വിമാനത്താവളത്തിൽ 40 ലക്ഷം രൂപയുടെ സ്വർണ്ണം മലപ്പുറം പോലീസ് പിടികൂടി.

സൗദി അറേബ്യയിൽ നിന്നും കരിപ്പൂർ വിമാനത്താവളം വഴി ഇന്ത്യയിലേക്ക് കടത്താൻ ശ്രമിച്ച 637 gm സ്വർണ്ണമാണ് പോലീസ് പിടിച്ചെടുത്തത്. സംഭവത്തിൽ

പാലക്കാട് മണ്ണാർകാട് സ്വദേശി അബ്ദുൽ നാസറിനെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. സ്വർണ്ണമിശ്രിതം 2 കാപ്സ്യൂളുകളാക്കി ശരീരത്തിനകത്ത് ഒളിപ്പിച്ചാണ് ഇയാൾ സൗദിയിൽ നിന്നെത്തിയത്. എയർപോർട്ടിനകത്തുള്ള എക്സറേ സംവിധാനങ്ങളും പരിശോധനകളും മറി കടന്ന് ഏയർപോർട്ടിന് വെളിയിലെത്തിയ നാസറിനെ മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പോലീസ് കസ്റ്റഡിയിലെടുത്തത്.

***

തമിഴ്നാട് സ്വദേശിയെ തട്ടിക്കൊണ്ട് പോയി 19.5 ലക്ഷം രൂപ കവർന്ന കേസിൽ അഞ്ചുപേർ അറസ്റ്റിലായി. കോഴിക്കോട് കക്കോടി മക്കട സ്വദേശി പുത്തലത്തുകുഴിയിൽ വീട്ടിൽ അജ്മൽ, കോഴിക്കോട് ഒറ്റത്തെങ്ങ് വടക്കേടത്ത് മീത്തൽ ജിഷ്ണു, എലത്തൂർ പുതിയനിരത്ത് എലത്തുക്കാട്ടിൽ ഷിജു, പ്രതികളെ രക്ഷപ്പെടാൻ സഹായിച്ച കണ്ണൂർ കേളംപീടിക സ്വദേശി ജിഷ്ണു, തൃശ്ശൂർ കോടാലി പട്ടിലിക്കാടൻ സുജിത്ത് എന്നിവരെയാണ് മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തത്. മധുരയിലെ ജ്വല്ലറി മാനേജരായ ബാലസുബ്രഹ്മണ്യം സ്വർണ്ണം വാങ്ങുന്നതിനായാണ് സുഹൃത്തുമായി മാർച്ച് 16 പുലർച്ചെ 5 ന് പൂക്കോട്ടൂരിലെത്തിയത്. ബസിറങ്ങി നടന്നു പോകവേ കാറിലെത്തിയ സംഘം ബലമായി കാറിൽ കയറ്റികൊണ്ട് പോയി പണം അപഹരിക്കുകയായിരുന്നു. ഇക്കാര്യത്തിൽ ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ IPS ന് ലഭിച്ച പരാതിയിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചിരുന്നു. പോലീസ് ഇൻസ്പെക്ടർ കെ. ബിനീഷിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘത്തിൽ സബ് ഇൻസ്പെക്ടർ ബസന്തിനാണ് അന്വേഷണചുമതല. സബ് ഇൻസ്പെക്ടർമാരായ അശോകൻ, ബാലമുരുഗൻ, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ അനീഷ് ചാക്കോ, റിയാസ്, ജില്ലാ പോലീസ് മേധാവിയുടെ സ്ക്വാഡ് അംഗങ്ങളായ ഐ. കെ ദിനേശ്, മുഹമ്മദ് സലിം, കെ. കെ ജസീർ, ഷഹേഷ് രവീന്ദ്രൻ എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്.

***

മലപ്പുറം ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ IPS ന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് തിരൂരങ്ങാടി വെന്നിയൂരിൽ നടത്തിയ വാഹന പരിശോധനയിൽ 11,43,000/-രൂപയുടെ കുഴൽപ്പണം പിടികൂടി. പണം കൊണ്ട് വന്ന വേങ്ങര നെടുംപറമ്പ് സ്വദേശി നെല്ലാട്ടുതൊടി അബ്ദുറൗഫിനെ കസ്റ്റഡിയിൽ എടുത്തു. ബൈക്കിന്റെ ടാങ്ക് കവറിൽ ആണ് പണം സൂക്ഷിച്ചിരുന്നത്. വേങ്ങരയിൽ നിന്നും ജില്ലയിൽ വിവിധ ഭാഗങ്ങളിൽ വിതരണത്തിനായിട്ടായിരുന്നു പണം കൊണ്ടുവന്നിരുന്നത്.

***

മഞ്ചേരി കേന്ദ്രീകരിച്ച് വിൽപ്പനക്ക് എത്തിച്ച MDMA യുമായി രണ്ടു പേർ പിടിയിലായി. മലപ്പുറം കോഡൂർ സ്വദേശി പിച്ചൻ മടത്തിൽ ഹാഷിം, കോട്ടക്കൽ പുത്തൂർ അരിച്ചോൾ സ്വദേശി പതിയിൽ മുഹമ്മദ് മുബഷീർ എന്നിവരാണ് പിടിയിലായത്. ഇവരിൽ നിന്നും 30,000 രൂപയോളം വിലവരുന്ന 10.35 ഗ്രാം MDMA

പിടിച്ചെടുത്തു. ബാംഗ്ലൂരിൽ നിന്നും മലപ്പുറത്തേക്ക് ലഹരി മരുന്ന് കടത്തുന്ന സംഘത്തിലെ പ്രധാനികളാണ് ഇവർ. കഴിഞ്ഞ വർഷം ബാംഗ്ലൂരിൽ നിന്നും MDMA കടത്തുന്നതിനിടെ വയനാട് മുത്തങ്ങയിൽവച്ച് ഹാഷിം ഉൾപ്പെട്ട സംഘത്തെ എക്സൈസ് പിടികൂടിയിരുന്നു. ഈ കേസിൽ 10 ദിവസം മുൻപാണ് ഇയാൾ ജാമ്യത്തിൽ ഇറങ്ങിയത്. ഇയാളുടെ പേരിൽ മലപ്പുറം സ്റ്റേഷനിൽ കളവു കേസും നിലവിൽ ഉണ്ട്. മലപ്പുറം ജില്ലാ പോലീസ് മേധാവി ശശിധരൻ IPS നു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി ഇൻസ്പക്ടർ ബിനീഷ്, സബ്ബ് ഇൻസ്പെക്ടർ ബസന്ത് എന്നിവരുടെ നേതൃത്വത്തിൽ കൊണ്ടോട്ടി, മലപ്പുറം DANSAF ടീമും മഞ്ചേരി പോലീസും ചേർന്നാണ് പ്രതികളെ പിടികൂടിയത്.

***

വേങ്ങര സ്വദേശി കൊട്ടേക്കാട്ട് കരുവേപ്പിൽ വീട്ടിൽ അബ്ദുറഹിമാന്റെ(75) മരണം അന്വേഷണത്തിൽ കൊലപാതകമാണെന്ന് കണ്ടെത്തി. സംഭവവുമായി ബന്ധപ്പെട്ട് അബ്ദുറഹിമാന്റെ മകൻ മുഹമ്മദ് അൻവറിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

18-09-2023 തിയ്യതി വീട്ടുവളപ്പിലെ കുളത്തിൽ മരിച്ച നിലയിൽ കണ്ട അബ്ദുറഹിമാന്റെ മരണത്തിൽ അസ്വഭാവികത ഉള്ളതിനാൽ പോലീസ് കേസ് അതീവഗൗരവത്തോടെയാണ് കൈകാര്യം ചെയ്തത്. കഴുത്ത് ഞെരിച്ചതിൽ ശ്വാസം മുട്ടിയാണ് അബ്ദുറഹിമാൻ മരണപ്പെട്ടത് എന്ന് മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും പോസ്റ്റ്മോർട്ടത്തിൽ കണ്ടെത്തിയതോടെ പോലീസ് അസ്വഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങി. അൻവറിന്റെ ചികിത്സക്കുള്ള പണം അബ്ദുറഹ്മാൻ കൊടുക്കാത്തതിലുള്ള വിരോധത്താൽ ഇരുവരും തമ്മിൽ വീട്ടിൽവെച്ച് വാക്ക് തർക്കം ഉണ്ടാവുകയും അൻവർ കഴുത്തിന് പിടിച്ച് അമർത്തിയതിൽ ശ്വാസം കിട്ടാതെ അബ്ദുറഹിമാൻ മരണപ്പെടുകയുമാണുണ്ടായത്. മരണം ഉറപ്പ് വരുത്തിയ അൻവർ മൃതദേഹം വീടിന് പിറകിലെ കുളത്തിൽ നിക്ഷേപിക്കുകയും, പിതാവിനെ കാണാനില്ലെന്ന് ബന്ധുക്കളെ ഫോൺ ചെയ്ത് അറിയിക്കുകയും ചെയ്തു. ജില്ലാ പോലീസ് മേധാവി ശശിധരൻ ഐ.പി.എസ് ന്റെ നിർദ്ദേശാനുസരണം മലപ്പുറം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മനോജ്. ടി, പോലീസ് ഇൻസ്പെക്ടർ ദിനേശ് കോറോത്ത് എന്നിവരുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തിന്റെ അന്വേഷണത്തിലാണ് കൊലപാതകത്തിന്റെ ചുരുളഴിഞ്ഞത്.

***

മലപ്പുറം കോട്ടക്കലിൽ നിന്നും 42 കിലോ കഞ്ചാവ് പോലീസ് കണ്ടെടുത്തു. കോഴിച്ചിന വാളക്കുളം സ്വദേശി കോഴിപ്പറമ്പിൽ സൈതലവി, വാളക്കുളം തിരുത്തി മഞ്ഞിലാസ് സ്വദേശി പെരിങ്ങോടൻ കബീർ, എടരിക്കോട് പാലച്ചിറമാട് സ്വദേശി കരിമ്പിൽ മുഹമ്മദലി എന്നിവരെ സംഭവത്തിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്.

***

56 ലക്ഷം രൂപയുടെ സ്വർണ്ണം കടത്തിയ യാത്രക്കാരനും, ഇയാളുടെ അറിവോടെ കടത്ത് സ്വർണ്ണം കവർച്ച ചെയ്യാൻ കരിപ്പൂർ എയർപോർട്ടിലെത്തിയ

ആറുപേരടങ്ങിയ കവർച്ചാസംഘവും അറസ്റ്റിലായി. ഖത്തറിൽ നിന്നും 30.04.24 തിയതി എയർപോർട്ടിലെത്തുന്ന കുറ്റ്യാടി ലബീബ് എന്ന യാത്രക്കാരൻ അനധികൃതമായി സ്വർണ്ണം കടത്തികൊണ്ടു വരുന്നുണ്ടെന്നും, ആയത് കവർച്ച ചെയ്യാൻ ഒരു കൃമിനൽ സംഘം എയർപോർട്ട് പരിസരത്ത് നിലയുറപ്പിച്ചിട്ടുണ്ടെന്നും മലപ്പുറം ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ IPS ന് രഹസ്യ വിവരം ലഭിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എയർപോർട്ട് പരിസരങ്ങളിൽ പ്രത്യേക പൊലീസ് സംഘത്തെ നിയോഗിച്ചിരുന്നു. എയർപോർട്ട് അറൈവൽ ഗേറ്റിൽ സംശയാസ്പദമായ രീതിയിൽ കണ്ട കണ്ണൂർ പാനൂർ സ്വദേശികളായ നിധിൻ, അഖിലേഷ്, മുജീബ് എന്നിവരെയാണ് ആദ്യം പോലീസ് കസ്റ്റഡിയിലെടുക്കുന്നത്. ഇവരെ വിശദമായി ചോദ്യം ചെയ്തതിൽ കവർച്ചാ സംഘത്തിൻറെ പദ്ധതി വ്യക്തമായി. പാനൂർ സ്വദേശികളായ അജ്മൽ, മുനീർ, നജീബ് എന്നിവർ എയർപോർട്ടിന് പുറത്ത് മറ്റൊരു കാറിൽ നിലയുറപ്പിച്ചിട്ടുണ്ടെന്ന് ഇവരിൽ നിന്നും അറിയാൻ കഴിഞ്ഞു. കോഴിക്കോട് കുറ്റ്യാടി സ്വദേശിയായ ഫസൽ എന്നയാളാണ് സ്വർണ്ണവുമായി വരുന്ന യാത്രക്കാരൻറെ വിവരങ്ങൾ കവർച്ചാ സംഘത്തിന് കൈമാറിയത്. ഇതനുസരിച്ചാണ് പാനൂർ സ്വദേശി അജ്മൽ എന്നയാളുടെ നേതൃത്വത്തിൽ രണ്ട് കാറുകളിലായി 6 പേരടങ്ങുന്ന സംഘം കാലിക്കറ്റ് എയർപോർട്ടിലെത്തിയത്. അതേ സമയം കസ്റ്റംസ് പരിശോധനകളെ അതിജീവിച്ച് കടത്ത് സ്വർണ്ണവുമായി എയർപോർട്ടിന് പുറത്തെത്തിയ കുറ്റ്യാടി സ്വദേശി ലബീബ് (19) പോലീസ് പിടിയിലായി. ഇതോടെ അപകടം മണത്തറിഞ്ഞ എയർപോർട്ടിന് പുറത്തുണ്ടായിരുന്ന മൂന്ന് പേർ പദ്ധതി ഉപേക്ഷിച്ച് രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും പോലീസ് പിന്തുടർന്ന് കണ്ണൂർ ചൊക്ലിയിൽ വെച്ച് ഇവരെ മണിക്കൂറുകൾക്കുള്ളിൽ അറസ്റ്റ് ചെയ്തു. കടത്ത് സ്വർണ്ണം കവർച്ച ചെയ്ത് തുല്യമായി പങ്കിട്ടെടുക്കാനായിരുന്നു ഇവർ പദ്ധതിയിട്ടിരുന്നത്.

***

വേങ്ങര സ്വദേശിയിൽ നിന്നും ഒരു കോടി എട്ടുലക്ഷം രൂപ ഓൺലൈൻ ട്രേഡിങ്ങിന്റെ പേരിൽ തട്ടിയെടുത്ത കേസിലെ പ്രതിയെ കർണാടകയിലെ മടിക്കേരിയിൽ നിന്നും മലപ്പുറം സൈബർ ക്രൈം പോലീസ് അറസ്റ്റ് ചെയ്തു. തട്ടിപ്പ് സംഘത്തിന് സിംകാർഡുകൾ സംഘടിപ്പിച്ചു നൽകുന്ന കർണാടക പെരിയപ്പട്ടണ താലൂക്കിൽ ഹരാനഹള്ളി ഹോബ്ളി സ്വദേശി അബ്ദുൾ റോഷനെയാണ് മലപ്പുറം ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ IPS ന്റെ കീഴിൽ സൈബർ ഇൻസ്പെക്ടർ ഐ. സി ചിത്തരഞ്ജന്റെ നേതൃത്വത്തിലുള്ള പ്രത്യേക സൈബർ ക്രൈം സ്ക്വാഡ് അറസ്റ്റ് ചെയ്തത്. വേങ്ങര സ്വദേശി ഫേസ്ബുക്കിൽ കണ്ട ഷെയർ മാർക്കറ്റ് സൈറ്റിന്റെ ലിങ്കിൽ ക്ലിക്ക് ചെയ്തതാണ് സംഭവങ്ങളുടെ തുടക്കം. തുടർന്ന് തട്ടിപ്പുകാർ ഷെയർ മാർക്കറ്റ് സൈറ്റിന്റെ കസ്റ്റമർ കെയർ എന്ന വ്യാജേന പരാതിക്കാരനെ ബന്ധപ്പെട്ട് വമ്പൻ ഓഫറുകൾ നൽകി വിവിധ അക്കൗണ്ടുകളിലായി പണം നിക്ഷേപിപ്പിക്കുകയായിരുന്നു. ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച സൈബർ ക്രൈം സ്ക്വാഡ് നടത്തിയ അന്വേഷണത്തിലാണ് തട്ടിപ്പ് സംഘത്തിന് സിംകാർഡുകൾ തരപ്പെടുത്തി നൽകുന്ന പ്രതിയെക്കുറിച്ച് വിവരം ലഭിച്ചത്. ഇയാളെ അറസ്റ്റ്

ചെയ്ത സമയം നടത്തിയ പരിശോധനയിൽ നാൽപതിനായിരത്തോളം സിംകാർഡുകളും നൂറ്റി എൺപതിൽപരം മൊബൈൽ ഫോണുകളും ഇയാളുടെ പക്കൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ഇയാളുമായി ബന്ധമുള്ള മൊബൈൽ ഷോപ്പുകൾ പുതിയ സിം കാർഡ് എടുക്കാനെത്തുന്നവരുടെ ഫിംഗർ പ്രിന്റ് അവരറിയാതെ പല തവണകളായി ഉപയോഗിച്ച് വ്യാജ സിം കാർഡുകൾ ആക്ടിവേറ്റ് ചെയ്ത് ഇയാൾക്ക് സിംകാർഡ് ഒന്നിന് 50 രൂപ നിരക്കിൽ കൈമാറുകയാണ് പതിവ്. ഇത്തരത്തിൽ സംഘടിപ്പിക്കുന്ന സിംകാർഡുകളാണ് ഇയാൾ തട്ടിപ്പുകൾക്കായി നൽകിയിരുന്നത്. സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, സ്റ്റേഷൻ ഹൌസ് ഓഫീസറായ പോലീസ് ഇൻസ്പെക്ടർ ഐ. സി ചിത്തരഞ്ജൻ, പ്രത്യേക ജില്ലാ സൈബർ സ്ക്വാഡ് അംഗങ്ങളായ സബ്ബ് ഇൻസ്പെക്ടർ നജിമുദീൻ മണ്ണിശ്ശേരി, സീനിയർ സിവിൽ പോലീസ് ഓഫീസർ ഷൈജൽ പടിപ്പുര, സിവിൽ പോലീസ് ഓഫീസർമാരായ ഇ. ജി പ്രദീപ്, ഷാഫി പന്ത്രാല, സീനിയർ സിവിൽ പോലീസ് ഓഫീസർ രാജരത്നം എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

***

കരിപ്പൂർ എയർപോർട്ടിൽ 63 ലക്ഷം രൂപയുടെ സ്വർണ്ണം പോലീസ് പിടികൂടി.

കരിപ്പൂർ വിമാനത്താവളം വഴി കടത്താൻ ശ്രമിച്ച 887 ഗ്രാം സ്വർണ്ണമാണ് പോലീസ് പിടിച്ചെടുത്തത്. സംഭവത്തിൽ ഒരു യാത്രക്കരനെയും സ്വർണ്ണം സ്വീകരിക്കാൻ എയർപോർട്ടിലെത്തിയ മറ്റ് രണ്ടുപേരെയും പോലിസ് കസ്റ്റഡിയിലെടുത്തു. 12.05.24 തീയതി 08.30 മണിക്ക് മസ്കറ്റിൽ നിന്നും വന്ന ഒമാൻ എയർ വിമാനത്തിൽ കരിപ്പൂർ വിമാനത്താവളത്തിലിറങ്ങിയ നാദാപുരം സ്വദേശി മുഹമ്മദ് ആണ് 887 ഗ്രാം സ്വർണ്ണവുമായി എയർപോർട്ടിന് പുറത്ത് വെച്ച് പോലീസ് പിടിയിലായത്. സ്വർണ്ണം മിശ്രിത രൂപത്തിൽ 3 കാപ്സ്യൂളുകളാക്കി ശരീരത്തിനകത്ത് ഒളിപ്പിച്ചാണ് ഇയാൾ കടത്താൻ ശ്രമിച്ചത്. മുഹമ്മദ് കടത്തികൊണ്ടു വന്ന സ്വർണ്ണം സ്വീകരിക്കാനായി എയർപോർട്ടിന് പുറത്ത് കാത്തിരുന്ന കുറ്റ്യാടി സ്വദേശികളായ സജീർ, അബൂ സാലിഹ് എന്നിവരാണ് കസ്റ്റഡിയിലുള്ള മറ്റ് രണ്ട് പേർ. ഇവർ സഞ്ചരിച്ച വാഹനവും അതിൽ പാസഞ്ചർക്ക് പ്രതിഫലമായി നൽകാൻ കരുതിയ 70,000/- രൂപയും പോലീസ് പിടിച്ചെടുത്തു. കുറ്റ്യാടി സ്വദേശി റംഷാദ് എന്നയാൾക്ക് വേണ്ടിയാണ് സ്വർണ്ണം കടത്തിയതെന്നാണ് അറിവായത്.

***

പുതുതായി നിലവിൽ വന്ന ഭാരതീയ ന്യായസംഹിത പ്രകാരമുള്ള സംസ്ഥാനത്തെ ആദ്യത്തെ എഫ് ഐ ആർ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തു. അശ്രദ്ധമായും മനുഷ്യജീവന് അപകടം വരുത്തുന്ന രീതിയിലും ഇരുചക്രവാഹനം ഓടിച്ചതിന് കൊണ്ടോട്ടി പോലീസ് സ്വമേധയയാണ് കേസ് രജിസ്റ്റർ ചെയ്തത്. ഭാരതീയ ന്യായസംഹിത 2023 ലെ വകുപ്പ് 281, മോട്ടോർ വെഹിക്കിൾ ആക്ട് 1988 ലെ വകുപ്പ് 194 D എന്നിവ ചുമത്തിയാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തത്. പുതുതായി നിലവിൽ വന്ന

ഭാരതീയ നാഗരിക സുരക്ഷാസംഹിതയിലെ വകുപ്പ് 173 പ്രകാരമാണ് എഫ്ഐ ആർ തയ്യാറാക്കിയത്.

***

കുപ്രസിദ്ധ അന്തർസംസ്ഥാന മോഷ്ടാവ് മണവാളൻ ഷാജഹാൻ മലപ്പുറം പോലീസിന്റെ പിടിയിൽ.

മലപ്പുറം കൊടിഞ്ഞി,കുണ്ടൂർ, ചെറുമുക്ക് എന്നിടങ്ങളിൽ മുഖംമൂടി ധരിച്ച് കയ്യിൽ ആയുധവുമായി മോഷണം നടത്തിയിരുന്ന മണവാളൻ ഷാജഹാൻ എന്നറിയപ്പെട്ടിരുന്ന ഷാജഹാനെയാണ് ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ IPS ന്റെ നിർദേശപ്രകാരം താനൂർ ഡി.വൈ.എസ്.പി ബെന്നി വി.വിയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്തത്. ഇയാളുടെ പേരിൽ കേരളത്തിലെ വിവിധ ജില്ലകൾക്ക് പുറമെ കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലും സമാനമായ കേസുകൾ ഉണ്ട്.

***